പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 276 07.08.2017 - ൽ മറുപടിയ്ക്ക്

## നെയ്യാറ്റിൻകര ജനറൽ ആശുപത്രി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ. ആൻസലൻ : | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ) |
| (എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ കാരുണ്യ മെഡിക്കൽ സ്റ്റോറിൽ പല മരുന്നുകളും ലഭ്യമാകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; | (എ) ഉണ്ട്.<br>പ്രാദേശികമായി മാത്രം ലഭ്യമാകുന്ന മരുന്നുകൾ കാരുണ്യ ഫാർമസിയിൽ ലഭ്യമല്ലാത്തതും, കമ്പനികളിൽ നിന്നും മരുന്നുകൾ ലഭ്യമാകുന്നതിനുള്ള കാലതാമസവും, കേന്ദ്ര സർക്കാരിന്റെ വിലനിയന്ത്രണ പട്ടികയിൽ ഉൾപ്പെട്ട മരുന്നുകൾ ലഭ്യമാകുന്നതിനുള്ള കാലതാമസവും, മരുന്നുകളുടെ റേറ്റിലെ വ്യതിയാനവും കാരുണ്യ മെഡിക്കൽ സ്റ്റോറുകളിലെ മരുന്നുവിതരണത്തിൽ കാലതാമസം ഉണ്ടാക്കുന്നുണ്ട്. നെയ്യാറ്റിൻകര കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയ്ക്കാവശ്യമായ മരുന്നുകൾ വിതരണം ചെയ്യുന്നത് കാരുണ്യയുടെ തിരുവനന്തപുരം ഡിപ്പോയിൽ നിന്നാണ്. എന്നാൽ **2016** സെപ്റ്റംബർ, **2017** മാർച്ച് എന്നീ മാസങ്ങളിൽ തിരുവനന്തപുരം ഡിപ്പോയിൽ സ്റ്റോക്കെടുപ്പ് നടത്തിയതുകാരണം ഔട്ട് ലെറ്റുകളിലേയ്ക്കുള്ള മരുന്നുവിതരണം നിർത്തി വയ്ക്കുകയുണ്ടായി. തദവസരത്തിൽ കാരുണ്യയുടെ എറണാകുളം ഡിപ്പോയിൽ നിന്നുമാണ് നെയ്യാറ്റിൻകര കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയ്ക്കാവശ്യമായ മരുന്നുകൾ വിതരണം ചെയ്തുവന്നിരുന്നത്. എറണാകുളം ഡിപ്പോയിൽ നിന്നും മരുന്നുകൾ എത്തിക്കുന്നതിനുള്ള കാലതാമസം ടി ഫാർമസിയിൽ മരുന്നുകളുടെ ലഭ്യതക്കുറവിന് കാരണമായിട്ടുണ്ട്. |
| (ബി) കാരുണ്യ മെഡിക്കൽ സ്റ്റോറിൽ നിന്നും നിലവിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് ഏതെങ്കിലും തരത്തിൽ തടസ്സം ഉണ്ടോ ; | (ബി) ഇല്ല. |

| ചോദ്യം | ഉത്തരം |
|---|---|
| (സി) യഥാസമയം മരുന്നുകൾ ഓർഡർ നൽകുന്നതിനു കാരുണ്യ മെഡിക്കൽ സ്റ്റോറിലെ ജീവനക്കാർ വീഴ്ച വരുത്തിയിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ നടപടി എന്തെങ്കിലും എടുത്തിട്ടുണ്ടോ; | (സി) വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ കാരുണ്യ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനു 2015-ൽ ധനകാര്യ വകുപ്പ് ഉത്തരവായിരുന്നു. ഇതു നടപ്പിൽ വരുത്തുന്നതിനു എന്തെങ്കിലും തടസ്സം ഉണ്ടോ; | (ഡി) യും (ഇ) യും നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ **2015** ൽ കാരുണ്യ ബെനവലൻറ് ഫണ്ട് വഴി അനുവദിച്ച ഡയാലിസിസ് കേന്ദ്രം സ്ഥലം ലഭ്യമല്ലാതിരുന്നതിനാൽ ആരംഭിക്കുവാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ഇപ്പോൾ സ്ഥലം ലഭ്യമാണെന്ന് ആശുപത്രിയിൽ നിന്നും അറിയിച്ചിട്ടുള്ളതിനാൽ കാരുണ്യ ബെനവലൻറ് ഫണ്ടിന്റെ സഹായത്തോടെ ഡയാലിസിസ് കേന്ദ്രം തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| (ഇ) 2017-ൽ തന്നെ കാരുണ്യ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കാൻ കഴിയുമോ? | |

സെക്ഷൻ ഓഫീസർ